235/2023

## PART – II

| Total Number of Questions : 2 | Maximum Marks : 100 | Time : 2.00 Hours |
|---|---|---|

## INSTRUCTIONS (നിർദ്ദേശങ്ങൾ)

1. Question cum Answer Booklets are processed by electronic means. The following instructions are to be strictly followed to avoid invalidation of answer scripts.
   (ചോദ്യവും ഉത്തരവും അടങ്ങുന്ന ഈ ബുക്ക് ലെറ്റുകൾ ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടെ മൂല്യനിർണ്ണയം നടത്തുന്നതിനാൽ ഇവ അസാധുവാകാതിരിക്കുവാൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുക.)

2. The first page of this question cum Answer Booklet is an OMR data Sheet (Part I). All entries in the OMR sheet are to be made with blue or black ball point pen only.
   (ഈ പുസ്തകത്തിന്റെ ഒന്നാമത്തെ പേജ് ഒരു ഒ.എം.ആർ. ഡാറ്റാ ഷീറ്റാണ് (പാർട്ട് I). ഇത് നീലയോ, കറുപ്പോ നിറത്തിലെ ബോൾ പോയിന്റ് പേന ഉപയോഗിച്ച് മാത്രമേ പൂരിപ്പിക്കാവൂ.)

3. Make sure that register number is bubbled correctly and completely; no correction is permitted.
   (രജിസ്റ്റർ നമ്പർ രേഖപ്പെടുത്തുന്നതിനുള്ള കുമിളകൾ കൃത്യമായും പൂർണ്ണമായും കറുപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക. തിരുത്തലുകൾ അനുവദനീയമല്ല.)

4. Do not tamper the bar code printed on the OMR sheet and subsequent pages. Tampering of bar code will result in the invalidation of this booklet.
   (ഈ പുസ്തകത്തിൽ എവിടെയും പ്രിന്റ് ചെയ്തിരിക്കുന്ന ബാർ കോഡിൽ ഒരു കാരണവശാലും തിരുത്തലുകളോ, മാർക്കുകളോ പാടില്ല. ഇതിനു വിരുദ്ധമായി ചെയ്യുന്ന പക്ഷം ഈ പുസ്തകം അസാധുവാകുന്നതാണ്.)

5. Answers should be written with blue or black ball point pen only.
   (ഉത്തരങ്ങൾ നീലയോ, കറുപ്പോ നിറത്തിലെ ബോൾ പോയിന്റ് പേന ഉപയോഗിച്ച് മാത്രമേ എഴുതാവൂ.)

6. Do not write anything outside the margin of space provided for writing the answer and write only one line of answer between two lines.
   (പുസ്തകത്തിൽ ഉത്തരം എഴുതുവാൻ നൽകിയിരിക്കുന്ന സ്ഥലത്തിനു വെളിയിൽ യാതൊന്നും തന്നെ എഴുതുവാൻ പാടില്ല. രണ്ടു വരകൾക്കിടയിൽ ഒരു വരി ഉത്തരം മാത്രമേ എഴുതുവാൻ പാടുള്ളൂ.)

7. Rough work should be done only in the specific page provided with.
   (റഫ് വർക്കുകൾ ഇതിനായി നൽകിയിരിക്കുന്ന പേജിൽ മാത്രമേ ചെയ്യുവാൻ പാടുള്ളൂ.)

1. Translate the following passage into Malayalam (50 Marks)

How strange is the lot of us mortals! Each of us is here for a brief sojourn; for what purpose he knows not, though he sometimes thinks he senses it. But without deeper reflection one knows from daily life that one exists for other people – first of all for those upon whose smiles and well-being our own happiness is wholly dependent, and then for the many, unknown to us, to whose destinies we are bound by the ties of sympathy. A hundred times every day I remind myself that my inner and outer life are based on the labors of other men, living and dead, and that I must exert myself in order to give in the same measure as I have received and am still receiving....

I have never looked upon ease and happiness as ends in themselves -- this critical basis I call the ideal of a pigsty. The ideals that have lighted my way, and time after time have given me new courage to face life cheerfully, have been Kindness, Beauty, and Truth. Without the sense of kinship with men of like mind, without the occupation with the objective world, the eternally unattainable in the field of art and scientific endeavors, life would have seemed empty to me. The trite objects of human efforts – possessions, outward success, luxury – have always seemed to me contemptible.

2. Translation of a passage from Malayalam to English (150 words)

(50 Marks)

സാമൂഹ്യശാസ്ത്രശാഖകളിലെല്ലാം തന്നെ ലബ്ധപ്രതിഷ്ഠമായി കഴിഞ്ഞ ഒരു സാങ്കേതിക സംജ്ഞയാണ് വികസനം. സാങ്കേതികമായ അർത്ഥത്തിലും അല്ലാതെയും ഈ പദം ഇന്ന് വ്യാപകമായി ഉപയോഗിച്ചു വരുന്നു. പ്രത്യയശാസ്ത്രങ്ങളുടെയും ശിക്ഷണശാഖാ പരിപ്രേക്ഷ്യങ്ങളുടെയും വൈവിദ്ധ്യം ഈ പദം വിഭിന്നാർത്ഥങ്ങളിൽ പ്രയോഗിക്കപ്പെടാൻ കാരണമായിട്ടുണ്ട്. മറ്റൊരുകാരണം വിവിധ വികസന ഏജൻസികൾ സ്വന്തം വീക്ഷണ വിശേഷണങ്ങൾക്കനുസരിച്ച് വ്യത്യസ്തങ്ങളായ അർത്ഥങ്ങളിൽ ഈ പദം ഉപയോഗിക്കുന്നു എന്നതാണ്. ഇതിന്റെയെല്ലാം ഫലമായി ധാരാളം അവ്യക്തതയും സങ്കീർണ്ണതയും ഈ സംജ്ഞയുടെ പ്രയോഗത്തെ ചുറ്റിപ്പറ്റി നിലവിൽ വന്നിട്ടുണ്ട്. ഓരോ സാമൂഹ്യശാസ്ത്രശാഖയും അതിന്റെ പരിമിതമായ സാങ്കേതിക തലത്തിൽ ഒതുങ്ങി നിൽക്കുന്ന ഒരു പരികല്പന ആയിട്ടാണ് 'വികസനം' എന്ന പദം ഉപയോഗിക്കുന്നത്. എന്നാൽ സമകാലീന വികസന സംവാദത്തിൽ കുറേക്കൂടി വിശാലവും സമഗ്രവുമായ അർത്ഥസമന്വയം നേടിയെടുക്കുകയും അങ്ങനെ ഒരു പരികല്പന എന്ന നില മറികടന്ന് ഒരു ആശയ സമുച്ചയം എന്ന തലത്തിലേയ്ക്ക് വികസനസങ്കല്പം വികാസം പ്രാപിക്കുകയും ചെയ്തിട്ടുണ്ട്.

പരമാവധി ഉല്പാദനം, പരമാവധി ഉപഭോഗം എന്ന കാഴ്ചപ്പാടിൽ അധിഷ്ഠിതമാണ് മുതലാളിത്ത വികസന മാതൃക. മുതലാളിത്തത്തിന്റെ തത്വശാസ്ത്രമായ ഉദാരവാദം മനുഷ്യവ്യക്തിയെ അഭിദർശിക്കുന്നത് ഭൗതികമായ കുറെ ആവശ്യങ്ങളുടെയും ഏതാനും വികാരങ്ങളുടെയും ഇന്ദ്രിയവൃത്തികളുടെയും ആകെത്തുകയായിട്ടാണ്. ഇവയുടെ നിർവ്വഹണമാണ് മനുഷ്യന് സംതൃപ്തിയും സന്തുഷ്ടിയും പ്രധാനം ചെയ്യുന്നത്. ഈവിധം അഭിലാഷ സാക്ഷാത്കാരത്തിന് വെമ്പുന്ന വ്യക്തിയാണ് മുതലാളിത്ത സാമൂഹ്യക്രമത്തിന്റെ കേന്ദ്രബിന്ദു.

ദരിദ്രരുടെയും അധഃസ്ഥിതരുടെയും അടിസ്ഥാന ജീവിതാവശ്യങ്ങൾ നേടിക്കൊടുക്കലാണ് വികസനത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം എന്നതാണ് ഐക്യരാഷ്ട്ര സഭ അംഗീകരിച്ച വികസന സമീപനം. അവികസിത വികസത രാജ്യങ്ങളിലെ ബഹുഭൂരിപക്ഷം വരുന്ന ദരിദ്രജനതയ്ക്ക് ജീവിതാവശ്യങ്ങൾ നേടിക്കൊടുക്കണമെങ്കിൽ ആ രാജ്യങ്ങളിലും രാഷ്ട്രാന്തരത്തിലും വികസന പ്രവർത്തനങ്ങൾ ആസൂത്രിതമായി നടത്തിയേ മതിയാവൂ എന്നാണ് ഐക്യരാഷ്ട്ര സഭയുടെ കാഴ്ചപ്പാട്.

അതിവികസനത്തിന്റെ പാത പാരിസ്ഥിതിക പ്രശ്നങ്ങൾ മാത്രമല്ല സൃഷ്ടിക്കുന്നത്. പരിമിതമായ വിഭവങ്ങൾ കൈവശപ്പെടുത്താനും വിഭവങ്ങൾ സുലഭമായുള്ള മേഖലകളിൽ ആധിപത്യം സ്ഥാപിക്കാനും, വൻകിട ശക്തികൾ തമ്മിൽ മത്സരത്തിനും ഇത് ഇടയാക്കും. ഇത്തരം കിടമത്സരങ്ങൾ ആയുധപ്പന്തയങ്ങൾക്കും ശീതസമരങ്ങൾക്കും യുദ്ധത്തിനും വഴിമരുന്നിടും എന്ന് വ്യക്തമാണ്. ദേശീയ ഭരണകൂടങ്ങളെ അട്ടിമറിക്കാനും ആഭ്യന്തരകലാപങ്ങൾ സംഘടിപ്പിക്കാനും മറ്റനേകതരം വിധ്വംസക പ്രവർത്തനങ്ങൾ ചാരസംഘങ്ങളെക്കൊണ്ടും അന്താരാഷ്ട്ര ഭീകര സംഘങ്ങളെക്കൊണ്ടും അരങ്ങേറ്റാനും വിഭാവ സമാഹരണ വിഭ്രാന്തിപൂണ്ട പ്രബലരാജ്യങ്ങൾ മടിക്കുന്നില്ല. അനിയന്ത്രിതമായ സാമ്പത്തിക ഭൗതിക വളർച്ചയ്ക്കു വേണ്ടിയുള്ള വ്യഗ്രതയാണ് ലോകസമാധാനത്തിന് ഏറ്റവും കനത്ത ഭീഷണി.

ഉല്പാദനം പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങളെ അധിഷ്ഠിതമാക്കിയാകണം. കഴിയുന്നത്രപോക്ക് തൊഴിൽ കൊടുക്കാൻ ഉതകുന്ന സാങ്കേതികവിദ്യ ഉപയോഗിക്കുകയും, പുനരാവൃത്തി സാധിക്കുന്ന ഊർജ്ജസ്രോതസ്സുകളെ പരമാവധി ആശ്രയിക്കുകയും വേണം. ഉല്പന്നങ്ങൾ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്തു കൊണ്ടാവണം ഉണ്ടാക്കേണ്ടത്. അല്ലാതെ കൃത്രിമമായി ആവശ്യങ്ങൾ സൃഷ്ടിക്കുന്ന വിധമാകരുത്. കഴിയുന്നത്ര പ്രാദേശികമായ ഉല്പാദനവും ഉപഭോഗവും സാധിക്കണം. ബഹുലോൽപ്പാദനവും, കേന്ദ്രീകൃതഘടനയും മനുഷ്യന്റെ അടിസ്ഥാനാഭിലാഷങ്ങൾക്കും ചോദനക്കും വിരുദ്ധമാണ്. അതുകൊണ്ട് ഓരോ വ്യക്തിയുടെയും സ്വയം നിർണ്ണയാവകാശവും, സർഗ്ഗാത്മകത്വവും അംഗീകരിച്ചു കൊടുക്കുന്നതും ഓരോരുത്തർക്കും പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ ഒരു വികേന്ദ്രീകൃത വികസന മാതൃകയാണ് നമുക്കാവശ്യം.